തിരുവനന്തപുരം-പുതുക്കുറിച്ചി റൂട്ടിലെ ബസ്സുകൾ

1267. [1732] ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-പുതുക്കുറിച്ചി റൂട്ടിൽ (ചാന്നാങ്കര വഴി) ഓടുന്ന ബസ്സുകൾ കൃത്യമായി സർവ്വീസ് നടത്താറില്ലെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുസ്ലീം ഹൈസ്കൂൾ, കണിയാപുരം, വിൻസെന്റ് ഹൈസ്കൂൾ പടിഞ്ഞാറുമുക്ക്, ഹൈസ്കൂൾ പുത്തൻകുറുച്ചി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ധാരാളം വിദ്യാർത്ഥികളും അദ്ധ്യാപകരും മറ്റ് ഉദ്യോഗസ്ഥൻമാരും യാത്ര ചെയ്യുന്ന ഈ റൂട്ടിൽ ക്യാൻസലേഷൻ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) വർഷങ്ങളായി സർവീസ് നടത്തിക്കൊണ്ടിരുന്ന തിരുവനന്തപുരം-ചാന്നാങ്കര ബസ് സർവീസ് ക്യാൻസൽ ചെയ്തത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുകഴിഞ്ഞു.

(സി) ഈ സർവീസ് ക്യാൻസൽ ചെയ്തിട്ടില്ല.

കെ. എസ്. ആർ. ടി. സി. യുടെ പഴക്കമുള്ള ബസ്സുകൾ

1268. [1733] ശ്രീ. ഇ. പത്മനാഭൻ :
,, എ. കെ. പത്മനാഭൻ :
,, ടി. കെ. ഹംസ :
,, കെ. ജെ. ജോർജ് :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ സർവീസ് നടത്തുന്ന 20 വർഷം പഴക്കമുള്ള എത്ര ബസ്സുകൾ ഉണ്ട് ;

(ബി) 15 വർഷം തികഞ്ഞ ബസ്സുകൾ എത്ര ;

(സി) 10 വർഷം തികഞ്ഞ ബസ്സുകൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 5 കൊല്ലവും 2 കൊല്ലവും 1 കൊല്ലവും ഉള്ള ബസ്സുകൾ എത്രവീതം ;

(ഇ) ഈ സാമ്പത്തിക വർഷത്തിൽ 30-6-1985 വരെ എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(എഫ്) 10 വർഷം കഴിഞ്ഞ ബസ്സുകൾ കണ്ടം ചെയ്തു കളയുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) ഈ കണ്ടം ചെയ്ത ബസ്സുകൾ ലേലം ചെയ്യുമോ ?

ഉത്തരം

(എ) 10 ബസ്സുകളുണ്ട്.

(ബി) 65 ബസ്സുകൾ.

(സി) 725 ബസ്സുകൾ.

(ഡി) അഞ്ചു കൊല്ലവും അതിനു മുകളിലും പഴക്കമുള്ള 1924 ബസ്സുകളും രണ്ടു കൊല്ലവും അതിനു മുകളിലും പഴക്കമുള്ള 2569 ബസ്സുകളും ഒരു കൊല്ലവും അതിനു മുകളിലും പഴക്കമുള്ള 2906 ബസ്സുകളുമുണ്ട്.

(ഇ) 32 പുതിയ ബസ്സുകൾക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ലേലം ചെയ്യുന്നുണ്ട്.

കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകളിലെ അപാകതകൾ

1269. [1734] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ ഇപ്പോൾ നിലവിലുള്ള ഷെഡ്യൂളുകളിലെ എന്തെങ്കിലും അപാകതകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഷെഡ്യൂളുകളിലെ ഈ അപാകതകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതു പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly